കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.-കെ.എസ്.എ.-കെ.എൽ.എം./പി-10/1926/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ കാര്യാലയം, കൊല്ലം
തീയതി –15/05/2019.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ശാസ്താംകോട്ട ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് – 2017- 2018 – സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3-ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത്

രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം.-കെ.എസ്.എ.-കെ.എൽ.എം./പി-10/1926/2018 തീയതി: 15/05/2019

കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമ പഞ്ചായത്തിന്റെ 2017 – 2018 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ 2017- 2018 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2017 മുതൽ 30-09-2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.മാത്യൂറോയി കെ. പി, ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 3-10-2018 മുതൽ 15-10-2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.അജി.കെ.എസ്, | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ.അനിൽ.ആർ | അസി.ഓഡിറ്റ് |

| | | |
|---|---|---|
| | ശ്രീ.ലാലു .ആർ | ഓഫീസർ |
| | ശ്രീമതി.ബിന്ദു നായർ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.റ്റി.ആർ.ശങ്കരപിള്ള | 1-4-2017 മുതൽ 31-3-2018 വരെ |
| സെക്രട്ടറി | ശ്രീ.ജയപ്രകാശ്.പി. | 1-4-2017 മുതൽ 18-9-2017 FN വരെ |
| | ശ്രീ.നാസറുദീൻ.എ | 18-9-2017 AN മുതൽ 31-3-18 വരെ |
| കൃഷിഓഫീസർ | ശ്രീ.അരുൺ സുഗതൻ | 1-4-17 മുതൽ 31-3-18 വരെ |
| വെറ്ററിനറി സർജൻ | ഡോ.കെ.ജി.സുജാത | 1-4-17 മുതൽ 31-3-18 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ.ഫിലിപ്പ് തോമസ് വൈദ്യൻ | 1-4-17 മുതൽ 31-3-18 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.സിന്ധു രാമചന്ദ്രൻ | 1-4-17 മുതൽ 31-3-18 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.സബിതാ വിജയൻ | 1-4-17 മുതൽ 31-3-18 വരെ |
| ഐ.സി.ഡി.എസ് | ശ്രീമതി ലളിത | 1-4-17 മുതൽ 01-8-17വരെ |
| | ശ്രീമതി അഞ്ജന എം | 1-8-17 മുതൽ 31-3-18 വരെ |
| വി.ഇ.ഒ (കരിന്തോട്ടുവ സർക്കിൾ) | ശ്രീ.റോബിൻ സാമുവേൽ | 1-4-17 മുതൽ 30-4-17 FN വരെ |
| | ശ്രീമതി. സന്ധ്യജ കെ.എസ് | 30-4-17 AN മുതൽ 31-3-18 വരെ |

| | | |
|---|---|---|
| വി.ഇ.ഒ (മുതുപിലാക്കാട് സർക്കിൾ) | ശ്രീ. വിനീഷ് വിക്രമൻ | 01-04-17 മുതൽ 25-5-2017 വരെ |
| | ശ്രീമതി. സൗമ്യ | 25-5-2017 മുതൽ 20-7-2017 വരെ |
| | ശ്രീമതി.സനൂജ (ചാർജ്ജ്) | 20-7-2017 മുതൽ 01.08.2017 വരെ |
| | ശ്രീ.ഇസ്മയിൽകുഞ്ഞ് | 01-08-17 മുതൽ 31-3-18 വരെ |
| വി.ഇ.ഒ (ശാസ്താംകോട്ട സർക്കിൾ) | ശ്രീ.ദീപു | 1-4-17 മുതൽ 21-8-17വരെ |
| | ശ്രീമതി.സ്മൃതി ഗോപാലകൃഷ്ണൻ | 21-8-17 മുതൽ 20-11-2017 വരെ |
| | ശ്രീ.ഇസ്മയിൽകുഞ്ഞ് (ചാർജ്ജ്) | 20-11-17 മുതൽ 6-3-18 FN വരെ |
| | ശ്രീ.വിനോദ്കുമാർ | 6-3-18 AN മുതൽ 31-3-18 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ഷീനാ ഫ്രാൻസിസ് | 1-4-17 മുതൽ 31-3-18 വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി എൽ.വിജയമ്മ | 1-4-17 മുതൽ 31-3-18 വരെ |
| അസി.സെക്രട്ടറി | ശ്രീ.എസ്.ശിവകുമാർ | 1-4-17 മുതൽ 12-7-17 FN വരെ |
| | ശ്രീ.രാജൻആചാരി | 12-7-17AN മുതൽ 7-8-17 വരെ |
| | ശ്രീ.ജെ.രാധാകൃഷ്ണ പിള്ള | 9-8-17 മുതൽ |

| | | |
|---|---|---|
| | | 31-3-18വരെ |
| അസി.എഞ്ചിനീയർ | ശ്രീ.റാണാ.എം.ആർ | 1-4-17 മുതൽ 8-11-17വരെ |
| | 09.11.17 മുതൽ 15.11.17 വരെയുള്ള കാലയളവിലെ വിവരം ലഭ്യമാക്കിയിട്ടില്ല. | |
| | ശ്രീ.കെ.ജയകുമാർ | 16-11-17 മുതൽ 11-1-18 വരെ |
| | ശ്രീ.വിശ്വകുമാർ | 12-1-18 മുതൽ 31-3-18വരെ |

## ഉള്ളടക്കം



| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യ പത്രം നൽകിയതിൻറെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | കൃഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം -2 | |
| 13 | 21,30,906/- രൂപയുടെ ചെക്കുകളും ഡിഡികളും ഒന്നര വർഷം വരെ ബാങ്കിൽ സമർപ്പിച്ചില്ല- മേൽനോട്ടത്തിലും ഭരണനിർവഹണ പരിശോധനയിലും ഗുരുതര പിഴവുകൾ | 2-1 |
| 14 | ആംബുലൻസ് കൈമാറിയതിന് കരാർ വച്ചിട്ടില്ല | 2-2 |
| 15 | ഡേ ബുക്ക് പ്രകാരം വരവ് വന്ന മുഴുവൻ തുകയും ബാങ്ക് അക്കൗണ്ടിൽ ഒടുക്ക് വരുത്തിയിട്ടില്ല. | 2-3 |
| | ഭാഗം -3 | |
| 16 | സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച 23,35,000/- രൂപ ചെലവഴിക്കപ്പെടാതെ ശേഷിക്കുന്നു. | 3-1 |
| 17 | വിനിയോഗ രേഖകൾ ഹാജരാക്കിയില്ല -50,000/- രൂപ തടസ്സപ്പെടുത്തുന്നു | 3-2 |
| 18 | ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ച ബസ് സ്റ്റാൻഡ് ഇനിയും | 3-3 |

| | | |
|---|---|---|
| | പ്രവർത്തനക്ഷമമാക്കിയിട്ടില്ല. | |
| 19 | അനുപൂരക പോഷകാഹാര വിതരണം – അധികം നൽകിയ കയറ്റിറക്കുകൂലി ഓഡിറ്റ് നിർദ്ദേശത്തെത്തുടർന്ന് തിരിച്ചടച്ചു. | 3-4 |
| 20 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-5 |
| 21 | തെരുവ് വിളക്ക് പരിപാലനം-കരാർ നിബന്ധനകൾ പാലിക്കുന്നില്ല | 3-6 |
| 22 | തെരുവ് വിളക്ക് മെയിന്റനൻസ് – കരാർ തൊഴിലാളികൾ നിലവിലുള്ളപ്പോൾ വീണ്ടും നിയമനം നടത്തി. 28,200/- രൂപയുടെ ചെലവ് നിരാകരിക്കുന്നു | 3-7 |
| 23 | തെരുവ് വിളക്കിന്റെ കറണ്ട് ചാർജ് ഒടുക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല. | 3-8 |
| 24 | ഉദ്ഘാടന ചെലവ് അധികരിച്ചു നല്കി | 3-9 |
| 25 | പൊതു ടാപ്പുകൾ റദ്ദാക്കൽ വിശദവിവരം ലഭ്യമായില്ല | 3-10 |
| 26 | പാലീയേറ്റീവ് കെയർ-മരുന്നുകൾ പൂർണ്ണമായിട്ട് ലഭ്യമാക്കിയില്ല. | 3-11 |
| 27 | സോളാർ പാനൽ സ്ഥാപിക്കൽ-നാളിതുവരെ കമ്മീഷൻ ചെയ്തില്ല. | 3-12 |
| 28 | പകർച്ചവ്യാധി നിയന്ത്രണം- വിനിയോഗ രേഖകൾ ഇല്ല -99,999/-രൂപ തടസ്സപ്പെടുത്തുന്നു | 3-13 |
| 29 | പാലിന് സബ്സിഡി- സബ്സിഡി തുക അധികം നൽകി.6,191/-രൂപ നിരാകരിക്കുന്നു. | 3-14 |
| 30 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 3-15 |
| | ഭാഗം -4 | |
| 31 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | ഡെപ്പോസിററ് വർക്കിന് നൽകിയ തുകയുടെവിവരം | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 34 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 35 | സ്ഥിര നിക്ഷേപം | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 38 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |

| | | |
|---|---|---|
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 41 | അനുബന്ധം – 1, ഓഡിറ്റ് സാക്ഷ്യപത്രം 2017-18 | 1 |
| 42 | അനുബന്ധം – 2, അനുബന്ധപത്രികകൾ | 2 |
| 43 | അനുബന്ധം – 3, ബാങ്കിൽ /ട്രഷറിയിൽ ഒടുക്കാതെ കൈവശം വയ്ക്കുകയും തുടർന്ന് റീവാലിഡേറ്റ് ചെയ്തു സമർപ്പിക്കുകയും ചെയ്ത ചെക്ക്/ഡി.ഡികളുടെ വിവരങ്ങൾ (ഖണ്ഡിക 2-1) | 3 |

# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

20-3-17-ലെ 1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 27-1-18 തീയതിയിലെ 1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-18 | 29-6-18 | - | - |

### 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യ പത്രം നൽകിയതിൻറെ വിവരം

| വർഷം | സർട്ടിഫിക്കേഷന്കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ്നം. & തീയതി |
|---|---|---|
| 2017-18 | 30.8.2018, 31.8.2018 | കെ എസ് എ-കെ എൽ എം. പി 10-1607/18 തീയതി 7.12.18 |

### 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,10,38,767 |
| വരവ് | 9,89,09,816 |
| ആകെ | 11,99,48,583 |
| ചെലവ് | 9,83,62,152 |
| നീക്കിയിരിപ്പ് | 2,15,86,431 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 19387000 | 19387000 | 19387000 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 10727445 | 10727445 | 10727445 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 80967 | 80967 | 0 | 80967 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 13307000 | 13307000 | 13307000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 4573000 | 4573000 | 4573000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 9104230 | 9104230 | 9104230 | 0 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 690361 | 690361 | 661846 | 28515 |
| ദുരിതാശ്വാസനിധി | | 22580 | 109946 | 132526 | 12000 | 120526 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളി കളുടെ കൂലി | 0 | 14966102 | 14966102 | 14966102 | 0 |
| | അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 4515 | 1056909 | 1061524 | 1047000 | 14524 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-TSC | | 2198083 | 979672 | 3177755 | 1262320 | 1915435 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ -ICDSോ | | 1614868 | 1097839 | 2712707 | 764173 | 1948534 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 2518018 | 5838750 | 8356768 | 2278289 | 6078479 |
| | ജില്ലാ പഞ്ചായത്ത് | 825000 | 1477000 | 2302000 | 1277000 | 1025000 |
| ബി ഫണ്ട് | | 0 | 268200 | 268200 | 268200 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 17212084 | 14715328 | 31927412 | 15072909 | 16854503 |
| | ട്രഷറി അക്കൗണ്ട് | 1008018 | 11780000 | 12788018 | 14876298 | (-)2088280 |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (₹) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പാക്കാത്തവ |
|---|---|---|---|---|---|
| 200 | 10,77,09,011 | 160 | 7,33,28,411 | 8 | 32 |

ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 4,515 | 10,56,909 | 10,61,524 | 10,47,000 | 14,524 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,49,66,102 | 1,49,66,102 | 1,49,66,102 | 0 |

## 1-8 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2,68,200 | 390 |
| കർഷകതൊഴിലാളി പെൻഷൻ | 10,05,900 | 84 |
| വിധവാപെൻഷൻ | 1,65,26,500 | 1544 |
| വാർദ്ധക്യകാലപെൻഷൻ | 2,42,29,100 | 2113 |
| വികലാംഗപെൻഷൻ | 49,27,900 | 441 |
| അവിവാഹിത പെൻഷൻ | 3,56,000 | 35 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 3-10-18-ന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ

നടത്തുകയുണ്ടായി. പരിശോധനയിൽ 1,44,858/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

വരുമാനത്തിന്റെ അക്കൗണ്ടിംഗിലും ലഭ്യമായ വരവുകൾ നിയമാനുസൃത സമയ പരിധിക്കുള്ളിൽ ഒടുക്കു വരുത്തുന്നതിലും ചട്ടങ്ങളിൽ പ്രതിപാദിക്കും പ്രകാരം അക്കൗണ്ടുകൾ പൊരുത്തപ്പെടുത്തൽ വരുത്തുന്നതിലും ഭരണ നിർവ്വഹണ സംവിധാനം വീഴ്ച വരുത്തി. നികുതി-നികുതിയേതര വരവിനത്തിലും സർക്കാർ ഗ്രാൻറിനത്തിലും തൻവർഷം ലഭ്യമായ 21,30,906/- രൂപയുടെ ചെക്കുകളും ഡി.ഡി.കളും ഒന്നര വർഷത്തോളം വൈകിയാണ് കളക്ഷന് സമർപ്പിച്ചത്.

പഞ്ചായത്ത് ആർജ്ജിച്ച ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. തൻവർഷം ആർജ്ജിച്ച ആസ്തികളിൽ പ്രധാനപ്പെട്ടവപോലും ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. എല്ലാ വരവുകൾക്കും രസീതു നൽകുന്നുണ്ടെങ്കിലും ലഭ്യമായ തുകകൾ അതേ ദിവസമോ തൊട്ടടുത്ത ദിവസമോ ഒടുക്കുവരുത്തണമെന്ന ചട്ടംപാലിക്കുന്നില്ല, പഞ്ചായത്തുഫണ്ടിന്റെ കസ്റ്റോഡിയൻ എന്ന നിലയിൽ മേൽനോട്ടച്ചുമതല നിർവ്വഹിക്കുന്നതിലും ചെലവുകളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിലും എക്സിക്യൂട്ടീവ് അധികാരിയായ സെക്രട്ടറിക്ക് വീഴ്ചകൾ സംഭവിച്ചു. വിവിധ പ്രവർത്തികൾക്കായി നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച തുകകളുടെ വിനിയോഗം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. പൊതുടാപ്പ് റദ്ദാക്കുന്നതിനായി തനതുഫണ്ടിൽ നിന്നും 12,60,000/-രൂപ കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചെങ്കിലും നിർവ്വഹണം ഉറപ്പാക്കുന്നതിലേക്ക് കരാറിൽ ഏർപ്പെട്ടിട്ടില്ല. കാലാകാലങ്ങളിലുള്ള ഓഫീസ് ഉത്തരവുകളിലൂടെ ജോലികൾ വിഭജിച്ചു നൽകിയിട്ടുണ്ടെങ്കിലും ധനഇടപാടുകളുടെ കൃത്യത പരിശോധനക്ക് വിധേയമാക്കുവാൻ ഭരണനിർവ്വഹണാധികാരികൾക്ക് കഴിഞ്ഞിട്ടില്ല. സ്യൂട്ട് രജിസ്റ്റർ പരിപാലിക്കുന്നില്ല. നികുതികളും ഫീസുകളും ചുമത്തുന്നതിലും വസൂലാക്കുന്നതിലും, സർക്കാർ ഗ്രാന്റുകൾ കാലാകാലങ്ങളിലുള്ള മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി വിനിയോഗിക്കുന്നതിലും ഉത്തരവാദിത്തമുള്ള ഭരണഘടനാ സ്ഥാപനം എന്ന നിലയിൽ ഗ്രാമ പഞ്ചായത്തിനെ പ്രവർത്തന സജ്ജമാക്കുന്നതിനും സാമ്പത്തിക വികസനവും സാമൂഹ്യനീതിയും ലക്ഷ്യമാക്കി പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിനും അവയുടെ രേഖകളും രജിസ്റ്ററുകളും യഥാവിധി തയ്യാറാക്കി സൂക്ഷിക്കുന്നതിനും ധനഇടപാടുകൾ മാർഗനിർദ്ദേശങ്ങൾക്കനുസൃതമാക്കുന്നതിനും ഭരണ നിർവ്വഹണാധികാരികളും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.9.18 | 7/18-8/18 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.4.16 | 2011/12 – 2015/16 | 16.7.16 |

## **1-12** വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1. B17 - 4510410101 – Indian Bank OAP 7785 -1144/-രൂപ ,

ബാങ്ക് പാസ്ബുക്ക് 450430101 - DCB 06 - 100 /-രൂപ എന്നീ അക്കൗണ്ടുകളുടെ ബാങ്ക് പാസ്സ്ബുക്ക് പരിശോധനയ്ക്ക് ലഭിച്ചില്ല.

2. പ്രോപ്പാർട്ടി ടാക്സ് (കറന്റ് & അരിയർ ) ഡി.സി.ബി - റസിഡൻഷ്യൽ നോൺ റസിഡൻഷ്യൽ എന്ന രീതിയിൽ തരം തിരിച്ച് ഡിമാന്റ്, കളക്ഷൻ, ബാലൻസ് സൂക്ഷിച്ചിട്ടില്ല.

3. പ്രോപ്പാർട്ടി ടാക്സ് - സാംഖ്യ & സഞ്ചയ ഡി.സി.ബി തമ്മിൽ പൊരുത്തമില്ല.

4. B15 - 431400102 റെന്റ് റിസീവബിൾ അരിയർ ഡിമാന്റ് ആയി 2016-17 ൽ 2,24,110/- രേഖപ്പെടുത്തിയിരിക്കുന്നതിന്റെ കൃത്യത സംബന്ധിച്ച് രജിസ്റ്ററിൽ രേഖപ്പടുത്തൽ ഇല്ല.

5. ബി 9 -അദർ ലയബിലിറ്റീസ്

1) 350200105 -റിക്കവറീസ് പേയബിൾ LIC -5000

2) 350200199 -റിക്കവറീസ് പേയബിൾ അദർ റിക്കവറീസ് -20041

വൗച്ചർ പരിശോധിച്ചതിൽ യഥാക്രമം 1658/-രൂപ & 6746/-രൂപ എന്നീ തുകകളുടെ രേഖകൾ ലഭിച്ചില്ല.

6. ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ ഇനത്തിലുള്ള ചെലവ് തുക, നീക്കിയിരിപ്പ് തുക എന്നിവ AFS മായി പൊരുത്തപ്പെടുന്നില്ല. I6-ൽ ബെനഫിഷ്യറി കോൺട്രിബ്യൂഷൻ ഉൾപ്പെടുത്തിയിട്ടില്ല

| ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ | ലഭ്യമാക്കിയ രേഖകൾ പ്രകാരം | AFS പ്രകാരം |
|---|---|---|
| ചെലവ് | 3618975 | 1929175 (RP -31) |
| നീക്കിയിരിപ്പ് | 86990 | 776790 (B-4) |

7. I-14 - production Sector - 250500501 – Bio gas plant General – ചെലവ് തുകയായി (-) 30,000/-രൂപ രേഖപ്പെടുത്തിയിരിക്കുന്നു.

8. ACR പ്രകാരം പ്ലാൻ ഫണ്ട് ജനറൽ വരവ്/ചെലവ് 1,93,87,000/-രൂപയാണ്. RP -7-ൽ Plan fund 1,93,35,625/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

9. ഷെഡ്യൂൾ I-6- പ്ലാൻ ഫണ്ട് ജനറലിൽ 1,75,01,016/-രൂപയ്ക്ക് പകരം 1,74,49,641/- രൂപ രേഖപ്പെടുത്തിയിരിക്കുന്നു.

10. തനത് ഫണ്ടിൽ നിന്നും ആസ്തി രൂപീകരിക്കുന്നതിനായി ചെലവഴിച്ച 41,52,118/- രൂപയുടെ വിവരം ബി-3 Capital Contribution-ൽ ഉൾപ്പെടുത്തിയിട്ടില്ല

<u>പ്രസ്തുത സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, വാർഷികധനകാര്യ പത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ-</u>

1.ജോയിൻറ് വെഞ്ച്വർ പ്രോജക്ടിനായി ജില്ലാ പഞ്ചായത്തുവിഹിതം – 1,47,700/-രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 58,38,750/-രൂപയും ലഭിച്ചത് യഥാക്രമം 12,77,000/-രൂപയും 60,38,750/-രൂപയും ആയി RP-31-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2.അക്കൗണ്ട്സിൽ ബി-11-ൽ code no.-460500202-ൽ 1,58,702/-രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. യഥാർത്ഥ തുക-1,46,700/-രൂപ ആണ്. വ്യത്യാസം- 11,002/-രൂപ ക്യാഷ് ഡിപ്പോസിറ്റ് ഒടുക്കിയതാണ്.

## ഭാഗം-2

### <u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

**2-1 <u>21,30,906/-</u>** <u>രൂപയുടെ ചെക്കുകളും ഡിഡികളും ഒന്നര വർഷം വരെ ബാങ്കിൽ സമർപ്പിച്ചില്ല- മേൽനോട്ടത്തിലും ഭരണനിർവഹണ പരിശോധനയിലും ഗുരുതര പിഴവുകൾ</u>

നികുതി നികുതിയേതര വരവിനത്തിലും സർക്കാർ ഗ്രാന്റിനത്തിലും ഗ്രാമപഞ്ചായത്തിന് തൻ വർഷം ലഭിച്ച 21,30,906/- രൂപയുടെ

ചെക്കുകളും ഡിഡികളും ബാങ്കിൽ ഒടുക്കു വരുത്തുന്നതിൽ ആറുമാസം മുതൽ ഒന്നര വർഷം വരെ വീഴ്ച വരുത്തി. വരുമാനത്തിന്റെ അക്കൗണ്ടിംഗ് നടപടികളിലും നിയമാനുസൃത സമയപരിധിക്കുള്ളിൽ ഒടുക്കുവരുത്തൽ ഉറപ്പാക്കുന്നതിലും സെക്രട്ടറിയുടെയും അക്കൗണ്ടന്റിന്റെയും ഭാഗത്തു നിന്നുണ്ടായ വീഴ്ചകൾ അതീവ ഗൗരവതരവും ഗ്രാമപഞ്ചായത്തിനു വരുമാനനഷ്ടത്തിന് ഇടയാക്കിയതുമായി.

ക്യാഷ്, ചെക്ക്, ഡിമാന്റ് ഡ്രാഫ്റ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും രൂപത്തിൽ ലഭ്യമാകുന്ന തുക 500/- രൂപയിൽ അധികമാണെങ്കിൽ അതേ ദിവസം തന്നെയോ തൊട്ടടുത്ത പ്രവർത്തി ദിവസമോ ബാങ്ക് / ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണെന്നും ലഭിച്ച തുകകൾ പൂർണ്ണമായും ഒടുക്കുവരുത്തിയെന്ന് ഉറപ്പുവരുത്തേണ്ടതും തകരാറുകൾ ഉണ്ടെങ്കിൽ ഉടൻ തന്നെ സെക്രട്ടറിയെ അറിയിക്കേണ്ടതും അക്കൗണ്ടന്റിന്റെ ചുമതലയാണെന്ന് 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 23, 26(2) (3) എന്നിവയിൽ വ്യക്തമാക്കിയിരിക്കെ 2017 മാർച്ച് മാസം മുതൽ 2018 മാർച്ച് മാസം വരെ ലഭ്യമായ ചെക്കുകളും ഡി.ഡി.കളും ആ സാമ്പത്തികവർഷവും പിന്നിട്ട് 2018 ആഗസ്റ്റ് മാസം വരെ കൈവശം വയ്ക്കുകയും ബാങ്കിൽ സമർപ്പിക്കാതിരിക്കുകയും ചെയ്തു എന്നുള്ളത് അത്യന്തം ഗൗരവമുള്ളതായി കാണുന്നു. പിന്നീട് ഇവ റീവാലിഡേറ്റ് ചെയ്ത് ബാങ്കിൽ സമർപ്പിച്ചുവെങ്കിലും ഈ വിഷയം വേണ്ടത്ര ഗൗരവത്തോടെ കൈകാര്യം ചെയ്യുന്നതിന് പഞ്ചായത്ത് അധികാരികൾക്ക് കഴിഞ്ഞില്ല.

ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ ട്രഷറി അക്കൗണ്ട് ബാലൻസ് സ്റ്റേറ്റ്മെന്റിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തി, പൊരുത്തപ്പെടുത്തൽ പത്രിക അക്കൗണ്ടന്റ് തയ്യാറാക്കേണ്ടതാണെന്നും പ്രസ്തുത പത്രിക സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും അക്കൗണ്ട്സ് ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2017 ഏപ്രിൽ മാസം മുതൽ ബാങ്കിൽ നിക്ഷേപിക്കപ്പെടേണ്ട 21,30,906/- രൂപയുടെ വിവിധ ചെക്കുകളും ഡി.ഡി.കളും സാമ്പത്തിക വർഷാവസാനം പോലും കളക്ഷനു വേണ്ടി ബാങ്കിൽ സമർപ്പിക്കാതെയാണ് “cheques deposited but not collected” എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത പൊരുത്തപ്പെടുത്തൽ പത്രികകൾ സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2017-18 ലെ വാർഷിക ഓഡിറ്റുമായി ബന്ധപ്പെട്ട നൽകിയ രേഖാമൂലമുള്ള ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് മേൽ സൂചന അപാകതയിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കി 19.1.19 ൽ സെക്രട്ടറി സമർപ്പിച്ച സി 3-6614/19 നമ്പർ കത്തിൽ

ചെക്കുകളും ഡി.ഡി.കളും ബാങ്കിൽ / ട്രഷറിയിൽ സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയ അക്കൗണ്ടന്റിനോട് വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടപ്പോൾ വിശദീകരണം ആവശ്യപ്പെട്ടുവെന്നും ചെക്കുകളും ഡി.ഡി.കളും ബാങ്കിൽ സമർപ്പിക്കുന്നതിനുള്ള ചുമതല ഒരു സീനിയർ ക്ലാർക്കിന് നല്കുകയും ചെയ്തുവെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അക്കൗണ്ടന്റിന് മെമ്മോ നൽകിയിരിക്കുന്നത് 14.6.18 ലാണ്. ഓരോ മാസാന്ത്യത്തിലും വരുമാനവും ചെലവും അക്കൗണ്ട് റിക്കാർഡുകൾ പ്രകാരം പൊരുത്തപ്പെടുത്തുവാനും ഓരോ അർദ്ധ വർഷത്തിലും ലഭ്യമായ വരുമാനത്തെ രജിസ്റ്ററുകളും അനുബന്ധ രേഖകളുമായി പൊരുത്തപ്പെടുത്തുവാനുമുള്ള നടപടികൾ സെക്രട്ടറി സ്വീകരിക്കണമെന്നും 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 ൽ വ്യക്തമാക്കിയിരിക്കെ അത്തരം യാതൊരു നടപടികളും സെക്രട്ടറി സ്വീകരിച്ചിട്ടില്ലായെന്നും അക്കൗണ്ടിംഗിലെ ഗുരുതരമായ അപാകതകൾ സെക്രട്ടറി അറിയാനിടയായത് സാമ്പത്തിക വർഷം അവസാനിച്ച് 3 മാസത്തോളമായതിനു ശേഷം മാത്രമാണെന്നും അക്കൗണ്ടിംഗിലേയും ലഭ്യമായ തുകകളുടെ ഒടുക്കു വരുത്തലിലേയും പിഴവുകൾ എക്സിക്യൂട്ടീവ് അധികാരിയുടെ ശ്രദ്ധയിൽപ്പോലും വരാത്ത വിധം പിഴവാർന്ന മേൽനോട്ട സംവിധാനമാണ് ഗ്രാമപഞ്ചായത്തിൽ ഈ കാലയളവിൽ നിലനിന്നിരുന്നതെന്നും സെക്രട്ടറിയുടെ കത്തിൽ നിന്നു തന്നെ വ്യക്തമാകുന്നു.

2017-18 ൽ ലഭിച്ച ചെക്കുകളും ഡി.ഡി.കളും സാംഖ്യ വരവാക്കി എടുത്ത് ബന്ധപ്പെട്ട രജിസ്റ്ററിൽ ചേർത്ത് ട്രഷറി/ബാങ്കുകളിൽ സമർപ്പിക്കുന്നതുവരെയുള്ള നടപടികൾ പൂർത്തിയാക്കിയിരുന്നുവെന്ന സെക്രട്ടറിയുടെ മറുപടിയെ സാധൂകരിക്കാവുന്ന യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പഞ്ചായത്തിൽ പണമായും ചെക്ക്, ഡി.ഡി.കൾ മുഖേനയും ലഭ്യമാകുന്ന തുകകൾ അന്നേ ദിവസമോ തൊട്ടടുത്ത ദിവസമോ ബാങ്കിൽ/ട്രഷറിയിൽ ഒടുക്കി സാക്ഷിപ്പെടുത്തിയ രസീതുകൾ സെക്രട്ടറിക്ക് ഹാജരാക്കണമെന്ന് 24.5.17ലെ ജി.ഒ (ആർ.ടി) നം.1699/2017/എൽ.എസ്.ജി.ഡി പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഓഫീസ് മാനേജ്മെന്റ് മാന്വലിൽ വ്യക്തമാക്കിയിരിക്കെ അത്തരം നടപടികൾ സ്വീകരിക്കുകയോ സെക്രട്ടറി തുടർനടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

സെക്രട്ടറി ഹാജരാക്കിയ രേഖകൾ പ്രകാരം, 7 ദിവസത്തിനകം മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 14.6.18 ൽ അക്കൗണ്ടന്റിന് നോട്ടീസ് നല്കിയിട്ടുണ്ടെങ്കിലും 13.09.2018-ൽ മാത്രമാണ് അക്കൗണ്ടന്റ് മറുപടി നല്കിയിട്ടുള്ളതായി കാണുന്നത്. പ്രസ്തുത മറുപടിയിൽ അക്കൗണ്ട്സുമായി ബന്ധപ്പെട്ട

മുഴുവൻ രേഖകളും 17.09.2018 തീയതി മുതൽ ഓഡിറ്റ് ആരംഭിക്കുന്ന സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റിന് നേരിട്ട് ഹാജരാക്കി ബോധ്യപ്പെടുത്തിക്കൊള്ളാം എന്ന വിശദീകരണമാണ് നൽകിയിട്ടുള്ളത്. നിർദ്ദിഷ്ടകാലാവധി കഴിഞ്ഞ് മാസങ്ങൾ കഴിഞ്ഞിട്ടും ഗൗരവമുള്ള ഈ വിഷയത്തിൽ അക്കൗണ്ടന്റ് വിശദീകരണം നല്കാതിരുന്നപ്പോഴും തികഞ്ഞ ലാഘവത്തോടും അലംഭാവത്തോടും കൂടി അധികാരികൾ കാത്തിരുന്നുവെന്നതും പിന്നീട് ഈ വിഷയത്തിലുള്ള പഞ്ചായത്ത് അധികാരികളുടെ സമീപനം വ്യക്തമാക്കുന്നതാണ്. അക്കൗണ്ടന്റിന്റെ ആരോഗ്യപരമായകാര്യങ്ങൾ പറഞ്ഞ് സ്വന്തം ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറാനുള്ള ശ്രമമാണ് സെക്രട്ടറി തന്റെ കത്തിലൂടെ നടത്തിയിട്ടുള്ളത്. എന്നാൽ സാമ്പത്തിക വർഷം കഴിഞ്ഞ് 3 മാസമായിട്ടും ഒരു സാമ്പത്തിക വർഷത്തെ ചെക്കുകളിൽ ഒന്നു പോലും കളക്ഷന് നൽകാത്തത് സെക്രട്ടറി അറിഞ്ഞില്ല എന്നത് ഒരു കാരണം കൊണ്ടും ന്യായീകരിക്കുവാൻ സാധിക്കുന്നതല്ല.

പഞ്ചായത്തിനെ ഭരമേൽപിച്ച സാമ്പത്തികവും നിയന്ത്രണപരവുമായ അധികാരങ്ങൾ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾക്കുമനുസൃതമായി കാര്യക്ഷമമായും ഫലപ്രദമായും നിർവഹിക്കുകയും വിനിയോഗിക്കുകയും ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കുവാനും പാകപ്പിഴകളുണ്ടെങ്കിൽ അത് പരിഹരിക്കുവാനും യഥാസമയം നിർദ്ദേശം നൽകുന്നതിന് രൂപീകരിക്കപ്പെട്ടിട്ടുള്ളതും 21.07.2018 ലെ ജി.ഒ.ആർ.ടി 166/17 /എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച് പെർഫോമൻസ് ഓഡിറ്റ് മാന്വലിലെ മാർഗ്ഗനിർദ്ദേശങ്ങൾ ആധാരമാക്കി പ്രതിമാസ പരിശോധന നടത്തുന്നതിന് ബാദ്ധ്യസ്ഥവുമായ പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ പരിശോധനകളിൽ പോലും ഇത് കണ്ടെത്തുകയോ, നിർദ്ദേശങ്ങൾ നൽകുകയോ ചെയ്യാൻ കഴിഞ്ഞിട്ടില്ല എന്നുള്ളതും ആ കാലയളവിലെ പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്ന് വ്യക്തമാകുന്നു.

പെർഫോമൻസ് ഓഡിറ്റ് വിഭാഗം 04/17 മുതൽ 12/17 വരെ വിവിധ തീയതികളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡിക 9 പ്രകാരം വിവിധ അക്കൗണ്ടുകളിൽ ക്യാഷ് ബുക്ക് പ്രകാരം ബാക്കിയുള്ള തുകയുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത കാലയളവിൽ ക്യാഷ്ബുക്കും ബാങ്ക് ബുക്കും തമ്മിൽ പൊരുത്തപ്പെടുത്തൽ നടത്തിയിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും പഞ്ചായത്ത് ശ്രദ്ധിക്കേണ്ട വിഷയങ്ങളിൽ ഉൾപ്പെടുത്തി പ്രത്യേക ഖണ്ഡികയായി ആയവ ഉൾപ്പെടുത്തിയിട്ടില്ല.

1/18 മുതൽ 3/18 വരെയുള്ള കാലയളവിൽ പെർഫോമൻസ്

പരിശോധനാവിഭാഗം നടത്തിയിട്ടുള്ള പരിശോധനകളിൽ പെർഫോമൻസ് ഓഡിറ്റ് മാന്വൽ അനുബന്ധം 3-2, 3-3 എന്നിവയിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമുള്ള പെർഫോമൻസ് ഇവാല്യൂവേഷൻ & അപ്രൈസൽ ഷീറ്റും റൊട്ടീൻ ഓഡിറ്റ് റിപ്പോർട്ടും തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത റിപ്പോർട്ടുകൾ പുറപ്പെടുവിച്ചിരിക്കുന്നത് 7.09.2018 ൽ മാത്രമാണ്. ലഭ്യമായ ചെക്കുകളും ഡ്രാഫ്റ്റുകളും യഥാസമയം കളക്ഷനുവേണ്ടി സമർപ്പിച്ചിട്ടുണ്ടന്നെ തെറ്റായ വിവരമാണ് ഇവാല്യുവേഷൻ & അപ്രൈസൽ ഷീറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നത്.അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ നടത്തിയിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും ആയതിന്മേൽ പഞ്ചായത്ത് യാതൊരു തുടർ പരിശോധനയും നടത്തിയിട്ടില്ല.

പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകൾ സൂക്ഷിക്കുന്നതിനും പഞ്ചായത്ത് ഫണ്ടിന്റെ സുരക്ഷിതമായ സൂക്ഷിപ്പിനും ഉത്തരവാദിയായ സെക്രട്ടറി വരുമാനത്തിന്റെ അക്കൗണ്ടിംഗിലും ചെക്കുകളും ഡ്രാഫ്റ്റുകളും നിയമാനുസൃത സമയപരിധിക്കുള്ളിൽ ഒടുക്കുവരുത്തുന്നതിലും വീഴ്ച വരുത്തി.

ബാങ്ക് /ട്രഷറി അക്കൗണ്ടുകളുടെ ക്യാഷ്ബുക്കുകളും ബാങ്ക് ബുക്കുകളും തമ്മിൽ തൊട്ടു മുൻമാസം വരെ പൊരുത്തപ്പെടുത്തൽ നടത്തിയില്ല എന്ന ഗുരുതര പിഴവ് ഓരോ മാസവും റിപ്പോട്ടിൽ ഉൾപ്പെടുത്തിയ പെർഫോമൻസ് ഓഡിറ്റ് വിഭാഗം യാതൊരു തുടർനടപടിയും സ്വീകരിച്ചില്ല.

അക്കൗണ്ടിംഗിലെയും ചെക്ക്/ഡി.ഡി.കൾ ഒടുക്കു വരുത്തുന്നതിലേയും പിഴവുകൾ സംബന്ധമായ പ്രത്യേക റിപ്പോർട്ട് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ രേഖകളുടെ പകർപ്പുകൾ സഹിതം തുടർനടപടികൾക്കായി ഭരണ വകുപ്പിന് നൽകിയിട്ടുണ്ട്. ഭരണ വകുപ്പിന്റെ നടപടികളെ ആധാരമാക്കിയുള്ള തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ബാങ്കിൽ / ട്രഷറിയിൽ ഒടുക്കാതെ കൈവശം വയ്ക്കുകയും തുടർന്ന് റീവാലിഡേറ്റ് ചെയ്ത് സമർപ്പിക്കുകയും ചെയ്ത ചെക്കുകളുടെ വിവരങ്ങൾ അനുബന്ധം 3 ആയി ഈ റിപ്പോർട്ടിനൊപ്പം ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## 2-2 ആംബുലൻസ് കൈമാറിയതിന് കരാർ വച്ചിട്ടില്ല

മുതുപിലാക്കാട് പടിഞ്ഞാറ് ശ്രീഭവനത്തിൽ ശ്രീമതി. സുമതിക്കുട്ടിയമ്മയുടെ സ്മരണാർത്ഥം ബന്ധുക്കൾ പഞ്ചായത്തിന് കൈമാറിയതാണ് KL-61C-4153 എന്ന നമ്പറിലുള്ള ആംബുലൻസ്. സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വണ്ടി നിലവിൽ പാലിയേറ്റീവ് കെയർ പ്രവർത്തനത്തിനായി ശൂരനാട് കമ്മ്യൂണിറ്റി

ഹെൽത്ത് സെന്ററിലെ മെഡിക്കൽ ഓഫീസർക്ക് 9/6/2017ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 18-ാം നമ്പർ തിരുമാനപ്രകാരം കൈമാറി. എന്നാൽ മെഡിക്കൽ ഓഫീസറുമായി കരാർ വച്ചിട്ടില്ല. .ആയതിന് കരാർ വയ്ക്കാൻ നടപടി സ്വകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-4/6-10-18

**2-3** <u>ഡേ ബുക്ക് പ്രകാരം വരവ് വന്ന മുഴുവൻ തുകയും ബാങ്ക് അക്കൗണ്ടിൽ ഒടുക്ക് വരുത്തിയിട്ടില്ല.</u>

4.7.17 ലെ ഡേ ബുക്ക് പ്രകാരം 22,154/- രൂപ വരവ് വന്നതായും , ബാങ്കിൽ ഒടുക്കു വരുത്തിയതായും ബോധ്യപ്പെട്ടു. എന്നാൽ അതേ ദിവസം കെട്ടിട വാടക ഇനത്തിൽ രസീത് നം. 117020102148 പ്രകാരം വരവ് വന്ന 3,581/- രൂപയും രസീത് നം. 117020102149 പ്രകാരം വരവ് വന്ന 197/-രൂപയും (ആകെ 3,778/- രൂപ) ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയിട്ടില്ല എന്നത് തുടർ പരിശോധനയിൽ ബോധ്യപ്പെട്ടു. ആയതിനാൽ 4.7.17 ൽ ഡേ ബുക്ക് പ്രകാരം (22,154/- + 3,778/-) 25,932/- രൂപയാണ് വരവായി വന്നിട്ടുള്ളത്. പക്ഷെ 3,778/- രൂപ കുറവുള്ളതായി 14 മാസങ്ങൾക്ക് ശേഷം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 24.9.2018 ൽ ഒടുക്കിയതായി കാണുന്നു .

ക്യാഷ്യറുടെ ചുമതല ഉണ്ടായിരുന്ന ക്ലർക്ക് അതേ ദിവസം രാവിലെ (05/07/2017 തുക അടവാക്കുന്ന ദിവസം ) സ്ഥലം മാറ്റം ലഭിച്ചതിനെ തുടർന്ന് ഓഫീസിൽ നിന്നും വിടുതൽ ചെയ്തിരുന്നു. പരാമർശ തുക 04/07/2017ൽ അവസാന രസീതുകളായി എടുത്തിരുന്ന തുകയാണ്. ടി രസീതുകൾ ഉൾപ്പെടുത്തുന്നതിന് മുമ്പായി പ്രിന്റ് എടുത്ത ഡേ ബുക്ക് പ്രകാരമാണ് 04/07/2017ലെ തുക 05/07/2017ൽ അടവാക്കിയിരിക്കുന്നത്. ബാങ്ക് അക്കൗണ്ട് പൊരുത്തപ്പെടുത്തിയപ്പോൾ മാത്രമാണ് അപാകത ശ്രദ്ധയിൽപ്പെട്ടത്. അപാകത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ബന്ധപ്പെട്ട ജീവനക്കാരി തുക അടവ് വരുത്തിയതാണ്. ക്ലറിക്കൽ തകരാറ് മൂലം സംഭവിച്ചതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.

പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ പ്രകാരം രസീത്, ചെക്ക്, ഡി.ഡി എന്നിവ അതാത് ദിവസം തന്നെ വരവായി സ്വീകരിക്കേണ്ടതും, ഓരോ മാസാന്ത്യത്തിലും ബാങ്ക് സ്റ്റേറ്റുമെന്റുകൾ പരിശോധിച്ച് ലഭിച്ച തുകകൾ പൂർണ്ണമായും അക്കൗണ്ടിൽ വന്നിട്ടുണ്ടെന്ന് അക്കൗണ്ടൻറ് ഉറപ്പു വരുത്തേണ്ടതും അപാകതകൾ ഉണ്ടെങ്കിൽ ആയത് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇത്തരം നടപടികൾ ഉണ്ടായതായി കാണുന്നില്ല. ആയതിനാൽ ടി മറുപടി അംഗീകരിക്കാൻ കഴിയില്ല. ഇപ്രകാരം വരവ് വരുന്ന തുകകൾ കൃത്യമായി ബാങ്ക്

അകൗണ്ടിൽ ഒട്ടക്ക് വരുത്തുന്നതിൽ വീഴ്ച സംഭവിക്കുന്നത് മേൽ നോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരുടെ അനാസ്ഥയായി ഓഡിറ്റ് വിലയിരുത്തുന്നു. ടി വിഷയത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.
ഓഡിറ്റ് എൻക്വയറി - 17/12.10.18

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച 23,35,000 /- രൂപ ചെലവഴിക്കപ്പെടാതെ ശേഷിക്കുന്നു.

സംയുക്ത പ്രോജക്ടുൾക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 2016-2017 ലോ അതിന് മുമ്പോ ലഭിച്ച 23,35,000 /-രൂപ തനത് ഫണ്ടിൽ നിക്ഷേപിച്ചത് ചെലവഴിക്കപ്പെടാതെ ശേഷിക്കുന്നു.

സംയുക്ത പ്രോജക്ടുൾക്കായി ലഭ്യമായ തുകകളിൽ ചെലവഴിക്കപ്പെടാതെ ശേഷിക്കുന്നവ സംബന്ധമായി 2016-2017 ലെയും 2017-2018 ലേയും വാർഷിക ധനകാര്യ പത്രികകൾ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വാർഷിക ധനകാര്യ പത്രിക 2016-2017 ഷെഡ്യൂൾ ബി 4 പ്രകാരമുള്ള വിവരങ്ങൾ.

| | |
|---|---|
| Contribution for Joint Venture project (for Capital Expediture) from Block Panchayat | 4,93,050 |
| Contribution for Joint Venture project (for Revenue Expediture) from Block Panchayat | 20,24,968 |
| Contribution for Joint Venture project (for Capital Expediture) from District Panchayat | 7,00,000 |
| Contribution for Joint Venture project (for Revenue Expediture) from District Panchayat | 1,25,000 |
| ആകെ | 33,43,018 |
| RP 40 (b) , b-17, എന്നിവ പ്രകാരം ,സംയുക്ത പ്രോജക്റ്റിനുള്ള സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന തുക | 10,08,018 |

| | |
|---|---|
| വ്യത്യാസം | 23,35,000 |

സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച 23,35,000/-രൂപ ചെലവഴിക്കപ്പെടാതെ തനതുഫണ്ടിൽ ശേഷിക്കുന്നു.

<u>വാർഷിക ധനകാര്യ പത്രിക 2017-2018 ഷെഡ്യൂൾ ബി 4 പ്രകാരമുള്ള വിവരങ്ങൾ</u>

| | |
|---|---|
| Contribution for Joint Venture project (for Capital Expediture) from Block Panchayat | 40,13,050 |
| Contribution for Joint Venture project (for Revenue Expediture) from Block Panchayat | 20,65,429 |
| Contribution for Joint Venture project (for Capital Expenditure) from District Panchayat | 9,00,000 |
| Contribution for Joint Venture project (for Revenue Expediture) from Block Panchayat | 1,25,000 |
| ആകെ | 71,03,479 |
| RP 40 (b) , b-17, എന്നിവ പ്രകാരം , സംയുക്ത പ്രോജക്ടിനുള്ള സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന തുക | 47,68,479 |
| വ്യത്യാസം | 23,35,000 |

സംയുക്ത പ്രോജക്ടുൾക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 2016-2017 ലോ അതിന് മുമ്പോ ലഭ്യമായ 23,35,000/-രൂപ തനത് ഫണ്ടിൽ നിക്ഷേപിച്ചത് ചെലവഴിക്കപ്പെടാതെ ശേഷിക്കുന്നതായി വാർഷിക ധനകാര്യ പത്രികയിൽ നിന്ന് വ്യക്തമാകുന്നു.

സംയുക്തപ്രാജക്ടിൽ പങ്കാളിയാകുന്ന നിർവ്വഹണ ചുമതലയില്ലാത്ത തദ്ദേശ സ്വയംഭരണസ്ഥാപനം നിർവ്വഹണ ചുമതലയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് തുക കൈമാറണമെന്നും തുക സ്വീകരിക്കുന്ന സ്ഥാപനം പ്രസ്തുത തുക ട്രഷറിയിൽ ബന്ധപ്പെട്ട അക്കൗണ്ടിൽ നിക്ഷേപിക്കണമെന്നും VPFA1 / BPFA1/ DPFA1 ലോ നിക്ഷേപിക്കാൻ പാടില്ല എന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി ആസൂത്രണ സബ്സിഡി മാർഗ്ഗ രേഖകളിൽ നിർദ്ദേശിച്ചിരിക്കെ പ്രസ്തുത മാർഗ്ഗ നിർദ്ദേശ്ശത്തിന് വിരുദ്ധമായി തനത് ഫണ്ടിൽ നിക്ഷേപിച്ച തുകകളാണ് ചെലവഴിക്കപ്പെടാതെ ശേഷിക്കുന്നത്.

ഏതേത് പ്രോജക്ടുകൾക്കായാണ് പ്രസ്തുത തുകകൾ ലഭ്യമായതെന്ന് കണ്ടെത്തി

ആവശ്യമെങ്കിൽ തുകകൾ ചെലവഴിക്കുന്നതിനും ആയതിന് കഴിയാത്ത സാഹചര്യത്തിൽ തുകകൾ സഞ്ചിത നിധിയിലേക്ക് തിരികെ ഒടുക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 വിനിയോഗ രേഖകൾ ഹാജരാക്കിയില്ല - 50,000/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം :231/18

നിർവഹണ ഉദ്യോഗസ്ഥ : ഹെഡ്മിസ്ട്രസ്സ്

അടങ്കൽ :₹ 50,000/- (തനത് ഫണ്ട് )

ചെലവ് : ₹ 50,000/- (ചെക്ക് നം 2810875/28.03.18 )

സാക്ഷരതാ തുല്യതാ പഠനം എന്ന പദ്ധതിക്കായി തനത്ഫണ്ടിൽ നിന്നും 50,000/- രൂപ നിർവ്വഹണോദ്യോഗസ്ഥയായ ഹെഡ്മിസ്ട്രസ്സ് മുഖേന ജില്ലാ സാക്ഷരതാമിഷന് നൽകിയിട്ടുണ്ട്. എന്നാൽ സാക്ഷരതാ മിഷനിൽ പഠിതാക്കളെ രജിസ്റ്റർ ചെയ്ത രേഖകൾ, സംസ്ഥാന പരീക്ഷാ ബോർഡിൽ വിദ്യാർത്ഥികളെ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ, പരീക്ഷ എഴുതിയതിന്റെ രേഖകൾ, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഈ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ഹാജരാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ഈയിനത്തിൽ ചെലവഴിച്ച 50,000/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം 18/12.10.2018

തടസ്സപ്പെടുത്തിയ തുക – 50,000/-രൂപ

## 3-3 ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ച ബസ് സ്റ്റാൻഡ് ഇനിയും പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

2015-16-ൽ നിർമ്മാണം പൂർത്തിയായ ഭരണിക്കാവ് ബസ് സ്റ്റാൻഡ് ഇപ്പോഴും പ്രവർത്തനക്ഷമമായിട്ടില്ല. എന്നാൽ, കഴിഞ്ഞ രണ്ടു വർഷങ്ങളിലും ഈ സ്റ്റാൻഡുമായി ബന്ധപ്പെട്ട് റോഡ് നിർമ്മാണം, ഓടനിർമ്മാണം, ഇവയുടെ മെയിന്റൻസ് എന്നിവ നടത്തിയിട്ടുണ്ട്. ബസ് സ്റ്റാൻഡ് പ്രധാന റോഡിൽ നിന്നും ഉള്ളിലേക്ക് മാറിയാണ് സ്ഥിതി ചെയ്യുന്നത്. തൻവർഷം ബസ് സ്റ്റാൻഡിൽ നിന്നുള്ള മഴവെള്ളം ഒഴുകിപ്പോകുന്നതിനുള്ള ഓട നിർമ്മിക്കുന്നതിനായി 7,00,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പണി പൂർത്തീകരിച്ചിട്ടുണ്ട്. നിലവിലുള്ള ഓടയുടെ ഒരു സൈഡ് പൊളിച്ചു മാറ്റി (റബിൾ വർക്ക്) പകരം 1:3:6 ഭിത്തി കെട്ടി സ്ലാബ് ഇട്ടിട്ടുണ്ട്. ഇപ്രകാരം ഓട നിർമ്മാണം, ടാറിംഗ് തുടങ്ങിയ

മരാമത്ത് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും ബസ് സ്റ്റാൻഡിൽ ഇപ്പോഴും ബസുകൾ പ്രവേശിക്കാത്ത അവസ്ഥയിലാണ്.

ഭരണിക്കാവ് ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനാണ് ബസ് സ്റ്റാൻഡ് നിർമ്മിച്ചത്. എന്നാൽ നിലവിൽ ബസ് സ്റ്റാൻഡിൽ ബസുകൾ കയറാത്തതിനാൽ ഉണ്ടാകുന്ന ഗതാഗതക്കുരുക്കുകൾ ഒഴിവാക്കാൻ കുണ്ടറ, പത്തനംതിട്ട, കായംകുളം, ചവറ എന്നീ ഭാഗങ്ങളിലേക്കുള്ള ബസ് സ്റ്റോപ്പുകൾ ജംഗ്ഷനിൽ നിന്നും ദൂരത്തേക്ക് മാറ്റിയതും ടി ബസ് സ്റ്റാൻഡിലേക്ക് ബസുകൾ കയറാത്തതും പൊതുജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു. ടി സാഹചര്യത്തിൽ ബസ്സ്റ്റാൻഡ് പ്രവർത്തനം ആരംഭിക്കുന്നതിന് അധികൃതരുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4 <u>അനുപൂരക പോഷകാഹാര വിതരണം-അധികം നൽകിയ കയറ്റിറക്ക് കൂലി ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരിച്ചടച്ചു.</u>

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണോദ്യഗസ്ഥയായ പദ്ധതിയിൽ കയറ്റിറക്ക് കൂലിയായി ചുവടെ ചേർക്കും പ്രകാരം 1,12,851/-രൂപ കരാറുകാരന് നൽകിയിട്ടുണ്ട്.

| ബിൽ നം./ചെക്ക് നം./തിയതി | തുക (രൂപ) |
|---|---|
| 3/17-18തിയതി 16/9/17 | 36,838 |
| 12/17-18തിയതി 30/12/17 | 20,186 |
| 15/17-18തിയതി12/3/18 | 23,110 |
| 2810885 തിയതി 31/3/18 | 32,717 |
| ആകെ | 1,12,851 |

കരാർ പ്രകാരം കയറ്റിറക്ക് കൂലിയായി ഒരു കിലോയ്ക്ക് 1.40/- രൂപയാണ് നിശ്ചയിച്ചത്. 31/3/18 ൽ ചെക്ക് നം. 2810885 പ്രകാരം 32,717/-രൂപയാണ് കൈപ്പറ്റിയിട്ടുള്ളത്. എന്നാൽ രേഖകൾ പ്രകാരം 21,571.250 കിലോയാണ് ടിയാൾ ഇറക്കിയിട്ടുള്ളത്. ആയതിന് 30,200/- രൂപയാണ് നൽകേണ്ടത്. (21,571.250x1.40). ആയതിനാൽ ഈയിനത്തിൽ 2,517/- രൂപഅധികം കൈപറ്റി. (32,717-30,200). ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി-14/ 10-10-18 യുടെ അടിസ്ഥാനത്തിൽ അധികം കൈപറ്റിയ 2,517/-രൂപ 15/10/18-ൽ രസിത് നം 118110103844 പ്രകാരം പഞ്ചായത്ത് ഫണ്ടിൽ തിരികെ അടച്ചു.

**3-5** വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വിവിധ ഏജൻസികളിൽ തുക നിക്ഷേപിച്ച ചുവടെ ചേർക്കുന്ന പദ്ധതികളിൽ നാളിതുവരെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

| ക്രമ നം. | പദ്ധതിയുടെ പേര്/നം. | വിനിയോഗ സാക്ഷ്യപത്രം നൽകേണ്ട സ്ഥാപന ത്തിന്റെ പേര് | ബിൽ നം. | തുക (രൂപ) |
|---|---|---|---|---|
| 1 | സാക്ഷരത തുല്യത പഠനം.(111/18) | സാക്ഷരത മിഷൻ | 27/24-3-18 | 50,000 |
| 2 | ശാസ്താംകോട്ട കായൽ സംരക്ഷണം (136/18) | ജില്ലാ പഞ്ചായത്ത് | 19/20-3-18 | 50,000 |
| 3 | പൈപ്പ് ലൈൻ നീട്ടൽ വാർഡ് .(139/18) | കേരള വാട്ടർ അതോറിറ്റി | 18/20-3-18 | 3,50,000 |
| 4 | ജീവനം ഡയാലിസിസ് (135/18) | ജില്ലാ പഞ്ചായത്ത് കിഡ്നി വെൽഫെയർ ഫൗണ്ടേഷൻ | 17/20-3-18 | 1,00,000 |
| 5 | എസ്.എസ്.എ വിഹിതം.(23/18) | സർവ്വ ശിക്ഷ അഭിയാൻ | 1/19-7-17 | 10,00,000 |
| 6 | എസ്.എസ്.എ വിഹിതം.എസ്.സി.പി (100/18) | സർവ്വ ശിക്ഷ അഭിയാൻ | 2/31-7-17 | 2,00,000 |
| 7 | ഐ.കെ.എം വിഹിതം (32/18) | ഇൻഫർമേഷൻ കേരള മിഷൻ | 4/18-8-17 | 1,00,000 |
| 8 | ആലത്തൂർ ഏല-ഇലക്ട്രിക്ക് പോസ്റ്റ് സ്ഥാപിച്ച് ലൈൻ വലിക്കൽ (210/18) | കെ.എസ്.ഇ.ബി. | 20/20-3-18=53030 &21/20-3-18=94670 | 1,47,700 |
| 9 | പൊതുടാപ്പ് റദ്ദാക്കൽ | കേരള വാട്ടർ അതോറിറ്റി | വൗച്ചർനം-21701132/26-3-18 | 12,60,000/- |
| | | | ആകെ | 32,57,700/- |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുള്ളതായും മറുപടി ലഭ്യമാകുന്ന മുറയ്ക്ക്

വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കുന്നതാണ് എന്നും അറിയിച്ചു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 32,57,700/-രൂപ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി- 3/4-10-18
തടസ്സപ്പെടുത്തിയ തുക -32,57,700/-രൂപ

**3-6** തെരുവ് വിളക്ക് പരിപാലനം-കരാർ നിബന്ധനകൾ പാലിക്കുന്നില്ല

പഞ്ചായത്ത് ഡയറക്ടറുടെ 17/8/15-ലെ ജി2-44274/2015-ാം നമ്പർ ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി കരാർ അടിസ്ഥാനത്തിൽ രണ്ട് ദിവസവേതന ജീവനക്കാരെ 22-07-2017 തീയതിയിലെ പഞ്ചായത്ത് കമ്മിറ്റി നം. xiii തീരുമാനപ്രകാരം നിയമിച്ചിട്ടുണ്ട്. ഇവരുമായി 1/8/2018 ൽ കരാർ വച്ചിട്ടുമുണ്ട്. പഞ്ചായത്ത് ഹാജരാക്കിയ തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ, ദിവസവേതനജീവനക്കാർ ഹാജരാക്കുന്ന ഡെയിലി റിപ്പോർട്ട്,കരാർ നിബന്ധനകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ നിലനിൽക്കുന്നു.

1) 15 മുതൽ 25 എണ്ണം പോസ്റ്റുകളിലെ തകരാറുകൾ പരാതി പുസ്തകത്തിൽ രേഖപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ പരിഹരിക്കുന്ന ദിവസങ്ങളിലായിരിക്കണം ദിവസവേതന ജീവനക്കാർക്ക് വേതനം നൽകേണ്ടത്. പഞ്ചായത്തിലെ 19 വാർഡുകളിലും ഒരു മാസത്തിൽ ശരാശരി 25 ദിവസത്തോളം തെരുവ് വിളക്കുകളുടെ തകരാറുകൾ പരിഹരിക്കുന്നതായി ഇവർ നൽകുന്ന ഡെയിലി റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കരാർ പ്രകാരമുള്ള പരാതി പുസ്തകം സൂക്ഷിച്ചിട്ടില്ല.

2)പഞ്ചായത്ത് തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ദിവസവേതനജീവനക്കാരുടെ ഡെയിലി റിപ്പോർട്ടിൽ സ്റ്റോക്ക് രജിസ്റ്ററിൽ നിന്നുള്ള കൈപ്പറ്റ് വിവരം പൊരുത്തപ്പെടുത്തിയിട്ടില്ല.പല ദിവസങ്ങളിലും നിക്കിയിരുപ്പ് രേഖപ്പെടുത്താറുമില്ല. മാത്രമല്ല മുൻബാക്കിയും നിക്കിയിരുപ്പും തമ്മിൽ പലപ്പോഴും പൊരുത്തമില്ല.
ഉദാ-

| ഇനം | തീയതി | മുൻബാക്കി | ഉപയോഗം | നിക്കിയിരുപ്പ് |
|---|---|---|---|---|
| സി.എഫ്.എൽ | 1/1/18 | 24 | 8 | 17 |
| ചോക്ക് | ,, | 9 | --- | 4 |

| | | | | |
|---|---|---|---|---|
| ട്യൂബ് ലൈറ്റ് | ,, | 10 | 5 | --- |
| എൽ.ഇ.ഡി. | ,, | 5 | 6 | 2 |

